# ഉപോദ്ഘാതം

## 0.1. പ്രബന്ധശീർഷകം

'കുട്ടികളുടെ നാടകവേദി മലയാളത്തിൽ : സമകാലികദർശനം' എന്നതാണു പ്രബന്ധശീർഷകം.

## 0.2. പഠനലക്ഷ്യം

മലയാളനാടകത്തിൽ കുട്ടികളുടെ നാടകത്തിൻെറ ഉദ്ഭവവും വളർച്ചയും സ്വഭാവസവിശേഷതയും അപഗ്രഥിച്ച് അതിനുള്ള പ്രസക്തിയും പ്രാധാന്യവും വെളിപ്പെടുത്തുകയാണ് പ്രബന്ധത്തിൻെറ ലക്ഷ്യം.

## 0.3. പഠനത്തിൻെറ പ്രസക്തിയും പ്രാധാന്യവും

മലയാളനാടകപ്രസ്ഥാനത്തെക്കുറിച്ചുള്ള ചരിത്രകൃതികളും വിശദമായ പഠനങ്ങളും രൂപംകൊള്ളുമ്പോൾ കുട്ടികളുടെ നാടകം കാര്യമായി പാരാമർശിക്കപ്പെടാതെ പോകുകയാണു പതിവ്. മുതിർന്നവരുടെ നാടകത്തിൻെറ ചെറിയ പതിപ്പല്ല ബാലനാടകം. ഇതിവൃത്തത്തിൻെറ സ്വഭാവം കൊണ്ടും ആന്തരികക്രിയാംശം വികസിപ്പിക്കുന്ന രീതി കൊണ്ടും അരങ്ങിൽ സംവദിക്കുമ്പോഴുള്ള നാടകീയോപാധി കൊണ്ടും ബാഹ്യഘടനകൾ കൊണ്ടും കുട്ടികളുടെ നാടകം വേറിട്ടു നിൽക്കുന്നു. നാടകത്തിൻെറ വളർച്ചയോടൊപ്പം കുരുന്നുമനസ്സുകളെ സ്വതന്ത്രമായി കൊണ്ടുപോകാൻ കഴിയും വിധത്തിലായിരിക്കണം അതിൻെറ ഘടന. അർത്ഥപൂർണ്ണമായ ബാലനാടകവേദിയെ സ്വപ്നം കണ്ട ജി. ശങ്കരപ്പിള്ള

യിലൂടെ ജന്മമെടുത്ത കുട്ടികളുടെ നാടകവേദിക്ക് അദ്ദേഹം നൽകിയ നിർവ്വചനങ്ങളും സംഭാവനകളും ഗൗരവപഠനത്തിന് വിധേയമാക്കേണ്ട തുണ്ട്. മുതിർന്നവരെക്കണ്ടാണല്ലോ കുട്ടികൾ പഠിക്കേണ്ടത്. അതു കൊണ്ടു തന്നെ കുട്ടികൾക്കുവേണ്ടി ഒരു നാടകം എന്ന കാര്യത്തിന് ജി. ശങ്കരപ്പിള്ളയ്ക്കു മുൻപുണ്ടായിരുന്ന നാടകലോകം കാര്യമായ പ്രാധാന്യം നൽകിയിരുന്നില്ല. മുതിർന്നവരോടൊപ്പം കുട്ടികൾ അഭിന യിച്ചാൽ എന്താണു തെറ്റ്? മുതിർന്നവരിൽ നിന്നും വേറിട്ടു നിന്നാൽ കുട്ടികൾക്ക് എങ്ങനെ നാടകം ഒരുക്കാനാകും? കുട്ടികളുടെ നാടകം ഒരുക്കിക്കൊണ്ട് ഇതിനായി കൃത്യമായ മറുപടി നൽകുകയായിരുന്നു അദ്ദേഹം ചെയ്തത്. ബാലമനസ്സിന്റെ നിഷ്കളങ്കതയെ സ്പർശിച്ച് വള രെ ഋജുവായ പാതയിലൂടെ മാത്രം അദ്ദേഹം സഞ്ചരിച്ചു. ജി. ശങ്ക രപ്പിള്ള തെളിച്ച രംഗപാഠങ്ങളാണ് കേരളത്തിലെ കുട്ടികളുടെ നാടകാ വതരണങ്ങൾക്ക് ഇന്നും പ്രകാശം നൽകുന്നത്.

'കുട്ടികളുടെ നാടക വേദി' എന്ന സങ്കൽപം മുഖ്യമായി ലക്ഷീ കരിക്കുകയും അതിന്റെ താത്ത്വികവും പ്രായോഗികവുമായ സ്ഥാ പനത്തിനും പ്രയോഗത്തിനുമായി പ്രവർത്തിച്ചുപോരുകയും ചെയ്ത കേ രളത്തിലെ ആദ്യത്തെ ബാല നാടകഗ്രാമമായ രംഗപ്രഭാതിനെക്കുറിച്ചും വിശദപഠനങ്ങൾ നടന്നിട്ടില്ല. ബാലനാടകപ്രസ്ഥാനം, ജി. ശങ്കരപ്പിള്ള യിലൂടെയും കുട്ടികളുടെ നാടകഗ്രാമമായ രംഗപ്രഭാതിലൂടെയും ബാ ലനാടകവേദിക്കുണ്ടായ വികാസ പരിണാമങ്ങൾ, പ്രാരംഭകാലം മുതൽ സമകാലം വരെയുള്ള ബാലനാടകകൃതികൾ എന്നിവ വിലയിരുത്തു ന്ന പഠനങ്ങൾ വളരെ വിരളമാണ്. ഈ പ്രബന്ധത്തിലൂടെ ഇത്തര ത്തിലുള്ള അന്വേഷണം സാധ്യമാകുന്നു.

## 0.4. പൂർവ്വപഠനങ്ങൾ

എൻ. ആർ. ഗ്രാമപ്രകാശിൻെറ 'കുട്ടികളുടെ നാടകവേദി'[1] എന്ന ലേഖനം, ജി. ശങ്കരപ്പിള്ളയുടെ 'ഇളങ്കോലങ്ങൾ'[2], എൻ. കൃഷ്ണപിള്ള രചിച്ച 'ജി. ശങ്കരപ്പിള്ളയുടെ ബാലനാടകങ്ങളിലെ ഘടന'[3] എന്ന ലേഖനം കെ. കെ. രാഹുലൻെറ നേതൃത്വത്തിൽ തയ്യാറാക്കിയ 'ബാലനാടകവേദി'[4] എന്ന പുസ്തകം എന്നിവയാണു ഈ വിഷയത്തെ പ്രതിപാദിക്കുന്ന പ്രധാനപഠനങ്ങൾ. പ്രബന്ധശീർഷകത്തെ വ്യക്തവും വിശദവുമായി അപഗ്രഥിക്കുന്ന പഠനങ്ങൾ തുലോം വിരളമാണ്. വയലാ വാസുദേവൻ പിള്ളയുടെ 'ബാലനാടകവേദി'[5] എന്ന ലേഖനത്തിൽ ബാലനാടകസവിശേഷതകളെക്കുറിച്ചും ചുരുക്കം ചില ബാലനാടകകൃതികളെക്കുറിച്ചും പരാമർശിച്ചിട്ടുണ്ട്. കെ. വി. ഗണേഷിൻെറ 'പൊക്കാര'ത്തിനു എസ്. രാമാനുജം[6] എഴുതിയ അവതാരികയിൽ ബാലനാടകാവതരണത്തിൻെറ അടിസ്ഥാനപരമായ തത്ത്വങ്ങൾ അൽപം പ്രതിപാദിച്ചിട്ടുണ്ട്. മടവൂർ ഭാസിയുടെ 'മലയാളനാടകസർവ്വസ്വം'[7] എന്ന ഗ്രന്ഥത്തിൽ ബാലനാടകങ്ങളെക്കുറിച്ചു വളരെച്ചുരുക്കി സൂചിപ്പിച്ചിട്ടുണ്ട്. ഇവയുടെ വ്യാപ്തി അറിയുവാനുള്ള അന്വേഷണമാണ് ഈ പ്രബന്ധം.

## 0.5. പഠനമേഖല

ബാലനാടകങ്ങളുടെ പ്രാഥമികപാഠം, പൊതുസ്വഭാവം, ബോധനരീതി, ഘടന തുടങ്ങിയവ പഠനവിധേയമാക്കുന്നു. പ്രാരംഭദശയിലുള്ള ബാലനാടകങ്ങൾ, ജി. ശങ്കരപ്പിള്ളയിലൂടെ അതിലുണ്ടായ വികാസപരിണാമങ്ങൾ, സമകാല ബാലനാടകങ്ങൾ എന്നിവയുടെ ചരിത്രപരമായ അന്വേഷണവും സമഗ്രപഠനവുമാണ് സാധ്യമാക്കിയിരിക്കുന്നത്.

കുട്ടികളുടെ നാടകവേദിയുടെ സൈദ്ധാന്തികവും പ്രായോഗികവുമായ വശങ്ങളെ പൂർണ്ണമായും ഉൾക്കൊണ്ടു പ്രവർത്തിക്കുന്ന 'രംഗപ്രഭാത്' കേരളത്തിൽ നിലവിൽ വന്ന ആദ്യ ബാലനാടകവേദിയാണ്. കുട്ടികൾക്കുവേണ്ടി മാത്രം നാടകപ്രവർത്തനത്തിൽ ഏർപ്പെടുകയും കുട്ടികളുടെ നാടകാഭിമുഖ്യം പ്രായത്തിനൊത്തു വളർത്തുവാൻ ലക്ഷ്യമിടുകയും ചെയ്തിട്ടുള്ള ബാലനാടകഗ്രാമമായ രംഗപ്രഭാതിന്റെ സംഭാവനകളും പഠനവിധേയമാക്കിയിരിക്കുന്നു.

## 0.6. പഠനരീതി

മലയാളബാലനാടകവേദിയെ സമഗ്രതയോടെ കാണുന്നതിന് ബാലനാടകപ്രസ്ഥാനം, ബാലനാടകം മലയാളത്തിൽ – പ്രാരംഭഘട്ടം, ജി. ശങ്കരപ്പിള്ളയും രംഗപ്രഭാതും കുട്ടികളുടെ നാടകവേദിയും, സമകാല ബാലനാടകങ്ങൾ എന്നിങ്ങനെ വിഭജിച്ചുകൊണ്ടുള്ള പഠനരീതിയാണ് സ്വീകരിച്ചിരിക്കുന്നത്. ഇതിലേക്കായി കേരളത്തിൽ ജന്മമെടുത്തിട്ടുള്ള ബാലനാടകസംഘങ്ങളിൽ നിന്നും കാലികവിവരങ്ങൾ ശേഖരിക്കുന്നു. അവരുടെ സംഭാവനകൾ ക്രോഡീകരിച്ചു പഠിക്കുന്നു. സംഘങ്ങളുടെ കൈവശമുള്ള കൈയെഴുത്തുപ്രതികളും ഗ്രന്ഥങ്ങളും സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കി ഗവേഷണത്തിനു പ്രയോജനപ്പെടുത്തുന്നു.

## 0.7. പ്രബന്ധസ്വരൂപം

ഈ പ്രബന്ധത്തിന് അഞ്ച് അദ്ധ്യായങ്ങൾ ഉണ്ടായിരിക്കും. ഒന്നാം അദ്ധ്യായത്തിൽ ബാലനാടകപ്രസ്ഥാനത്തെ പരിചയപ്പെടുത്തുന്നു. മുതിർന്നവരുടെ നാടകവേദിയിൽ കാണുന്ന ഔപചാരികത

കുട്ടികൾക്കു ദുർഗ്രഹമായതുകൊണ്ട് അവരുടെ അന്തരംഗത്തെപ്പറ്റിയുള്ള ഉപജ്ഞാനങ്ങളിലെ രണ്ടു പ്രധാനസങ്കൽപങ്ങൾ വിലയിരുത്തുന്നു. കുട്ടികളുടെ നാടകം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്തെന്ന് തത്ത്വാധിഷ്ഠിതമായി അന്വേഷിക്കുന്നു. ബാലനാടകത്തിൻെറ പ്രാഥമികപാഠങ്ങൾ, പൊതുസ്വഭാവം, സൈദ്ധാന്തികകാഴ്ചപ്പാടുകൾ, നാടകമൂല്യം, നാടകഘടന, പ്രമേയം, ക്രിയാബഹുലത, രചിതപാഠം, രംഗാവതരണം, ബാല്യകൗമാരങ്ങളിൽ ബാഹ്യമായും ആഭ്യന്തരമായും കുട്ടികളിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് അവരുടെ പ്രായവിഭജനം നടത്തി നാടകമെഴുത്തിലും രംഗാവതരണത്തിലും ശ്രദ്ധിക്കേണ്ടതായ കാര്യങ്ങൾ തുടങ്ങിയ ഘടകങ്ങൾ ഗവേഷണപരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ന്യൂയോർക്കിൽ ആലിസ് മിന്നി ഹെർട്സ് (Alice Minnie Herts) സ്ഥാപിച്ച (1903) 'ചിൽഡ്രൻസ് എജ്യൂക്കേഷ്ണൽ തീയറ്ററി' (Children's Educational Theatre) ലൂടെയും ലോകബാലനാടകവേദിക്കു മികച്ച സംഭാവനകൾ നൽകിയ ചാർലോട്ടെ കോപ്പനിങ് (Charlotte Chorpenning)[8], ഔരന്ദ് ഹാരിസ് (Aurand Harris), സുസാൻ സെൻറർ എന്നിവരിലൂടെയും അമേരിക്കൻ ബാലനാടകവേദിയ്ക്കുണ്ടായ വളർച്ച ചുരുക്കി പ്രതിപാദിക്കുന്നു[9]. ജീൻ സ്റ്റെർലിങ്ങി (Jean Sterling) ലൂടെ ഇംഗ്ലണ്ടിലെ ബാലനാടകവേദി (1914) വളർന്നതും റഷ്യയിൽ സെൻട്രൽ ചിൽഡ്രൻസ് തീയറ്റർ (Central Children's Theatre) സ്ഥാപിച്ചുകൊണ്ട് നതാല്യ സത്സ് (Natalia Satz) കുട്ടികൾക്കായി സ്ഥിരം നാടകവേദി (Permanent Theatre for Children. 1921) ഒരുക്കിയതും വ്യക്തമാക്കുന്നു[10]. തുടർന്ന് ഭാരതത്തിൽ പ്രത്യേകിച്ച് മലയാളക്കരയിൽ രൂപം കൊണ്ട ബാലനാടകപ്രസ്ഥാനത്തിൻെറ പ്രസക്തിയും

പ്രാധാന്യവും അന്വേഷിക്കുന്നു. കുട്ടമത്ത് കുന്നിയൂർ കുഞ്ഞികൃഷ്ണ ക്കുറുപ്പ് തൻെറ വിദ്യാർത്ഥികൾക്കുവേണ്ടി രചിച്ച 'ബാലഗോപാലൻ' (1923) മലയാളത്തിലെ ബാലനാടകസമീക്ഷയിൽ സർവ്വപ്രധാനമായൊരു സ്ഥാനം ലഭിച്ച നാടകമാണ്[11]. ഭാഷാനാടകങ്ങളിൽ സാധാരണക്കാര ൻെറ ദാരിദ്ര്യദു:ഖം ശക്തിമത്തായി പ്രതിഫലിച്ച ആദ്യനാടകം കൂടിയായ 'ബാലഗോപാലൻ' പഠനവിധേയമാക്കിയിരിക്കുന്നു. കുട്ടമത്ത് യുഗത്തി നുശേഷം കുട്ടികൾക്ക് അവതരിപ്പിക്കാനായി ഒരുക്കിയ പ്രഹസനങ്ങൾ ബാലനാടകവേദിക്ക് വലിയ സംഭാവനയൊന്നും ചെയ്തില്ലെങ്കിലും അവ യെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. കൈനിക്കര പദ്മനാഭപിള്ള കുട്ടി കൾക്കു വേണ്ടി എഴുതിയിട്ടുള്ള 'ദരിദ്രനാരായണൻ'[12] ഒരു യുവാവിൽ സംഭവിക്കുന്ന ബൗദ്ധികമാറ്റങ്ങളുടെ കഥയാണ്. ഏ. പി. പി. നമ്പൂതിരി യുടെ 'കൊഴിഞ്ഞുവീണ പൂമൊട്ട്' (1955), 'മാഞ്ഞുപോയ മഴവില്ല്' (1957), 'മുള്ളും പൂവും'[13] (1959), പി. ഗോപാലൻ നായർ കുട്ടികൾക്കു വേണ്ടി ഒരുക്കിയ 'ഗാനനാടകങ്ങൾ'[14] (1956), എൻ. കൃഷ്ണപിള്ളയുടെ 'ചെങ്കോ ലും മരവുരിയും'[15] (1956), ഏ.പി.പി. നമ്പൂതിരിയുടെ 'ലഘുനാടക ങ്ങൾ'[16] (1957), ചെറുകാടിൻെറ 'ചുറ്റുവിളക്ക്'[17] (1960) തുടങ്ങിയ പ്രാരംഭ കാലബാലനാടകങ്ങൾ കണ്ടെത്തുകയും പഠനവിധേയമാക്കുകയും ചെയ്തി രിക്കുന്നു.

രണ്ടാം അദ്ധ്യായം മലയാളബാലനാടകവേദിയുടെ മുഖ്യപ്രയോ ക്താവായ ജി. ശങ്കരപ്പിള്ളയുടെ ബാലനാടകസങ്കൽപം, ഭാവനാവികാ സം, ബാലനാടകഘടന, ക്രിയാംശങ്ങൾ, പ്രമേയം എന്നിവ ആദ്യം ചർ ച്ച ചെയ്യുന്നു. കുട്ടികളുടെ മനസ്സിനെ ഏറ്റവും സൂക്ഷ്മമായി തിരി ച്ചറിയുകയും അവരുടെ വൈവിധ്യം നിറഞ്ഞ പെരുമാറ്റങ്ങളെ തൊട്ട

റിയുകയും ചെയ്ത നാടകകൃത്തും സംവിധായകനുമായ ശങ്കരപ്പിള്ളയിലൂടെ ബാലനാടകവേദിക്കുണ്ടായ വളർച്ചയാണു തുടർന്ന് അന്വേഷിക്കുന്നത്. ഭാഷയുടെയും അവതരണത്തിന്റെയും ലാളിത്യം കൊണ്ട് കുട്ടികളുടെ നാടകവേദിയുടെ ചൈതന്യമായി മാറിയ അദ്ദേഹത്തിന്റെ 'പൊന്നുംകുടം', 'ഗുരുദക്ഷിണ', 'മദ്ദളങ്ങൾ', 'പുഷ്പകിരീടം', 'വേനലിൽ വിരിഞ്ഞ പൂവ്', 'ഉമ്മാക്കി', 'ഒരു കൂട്ടം ഉറുമ്പുകൾ', 'നിധിയും നീതിയും', 'ചിത്രശലഭങ്ങൾ', 'നിഴൽ', 'താമര' എന്നീ നാടകങ്ങൾ[18] പഠനവിധേയമാക്കുന്നു.

മൂന്നാം അദ്ധ്യായത്തിൽ 'പുഷ്പകിരീടം' എന്ന കുട്ടികളുടെ നാടകം അരങ്ങേറിക്കൊണ്ട് 1970 സെപ്തംബർ 19 ന് തിരുവനന്തപുരം ജില്ലയിലെ ആലുന്തറ ഗ്രാമത്തിൽ പ്രവർത്തനമാരംഭിച്ച കേരളത്തിലെ ആദ്യബാലനാടകഗ്രാമമായ രംഗപ്രഭാതിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. ബാലനാടകത്തിന്റെ സൈദ്ധാന്തികവും പ്രായോഗികവുമായ മേഖലകളെ പരിശോധിക്കുന്നു. രംഗപ്രഭാതിലെ കുട്ടികൾ, നാടക പരിശീലനക്കളരി, അടിസ്ഥാനപാഠങ്ങൾ, ലക്ഷ്യസങ്കൽപനങ്ങൾ, പരിശീലനങ്ങൾ, കദംബം–കളരി–കളം, ദൈനംദിനപ്രവർത്തനങ്ങൾ, ഗ്രാമീണോത്സവപരിപാടികൾ, അവതരണങ്ങൾ തുടങ്ങിയവ പഠനവിധേയമാക്കുന്നു. 'കുട്ടികളുടെ നാടകവേദി' എന്ന സങ്കൽപം തന്നെ അവ്യക്തവും അചിന്ത്യവുമായിരുന്ന ഒരു കാലത്ത് ഈ ആശയം രംഗപ്രഭാതിലേയ്ക്കു പകരുകയും 'പുഷ്പകിരീടം' എന്ന കുട്ടികളുടെ നാടകം രചിച്ച് ബാലനാടകവേദിയ്ക്ക് അർത്ഥപൂർണ്ണമായ തുടക്കം നൽകുകയും ചെയ്ത ജി. ശങ്കരപ്പിള്ളയും രംഗപ്രഭാതുമായുള്ള ബന്ധം പരിശോധിക്കുന്നു. രംഗപ്രഭാത് അവതരിപ്പിച്ച പ്രധാനനാടകങ്ങളെല്ലാം,

ജി. ശങ്കരപ്പിള്ള എഴുതിയതാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ അദ്ദേഹത്തിൻെറ കുട്ടികളുടെ നാടകങ്ങളെല്ലാം രംഗപ്രഭാതിനു വേണ്ടി എഴുതിയതാണ്. ഇങ്ങനെയൊരു ബാലനാടകഗ്രാമത്തെക്കുറിച്ചു പ്രതിപാദിക്കാതെ ബാലനാടകചരിത്രം പൂർണ്ണമാകില്ല. അതുകൊണ്ടു തന്നെ അക്കാര്യങ്ങൾ വിശദമായ പഠനത്തിനും പരാമർശത്തിനും വിധേയമാക്കുന്നു.

അദ്ധ്യായം നാലിൽ കുട്ടികളുടെ നാടകവേദിയെക്കുറിച്ച് വ്യക്തവും ശക്തവും ദീർഘവുമായ കാഴ്ചപ്പാടോടെ രംഗത്തിറങ്ങിയ ജി ശങ്കരപ്പിള്ളയുടെ 'പുഷ്പകിരീടം' (1970) നാടകം അരങ്ങേറിയതിനെത്തുടർന്ന് മലയാളബാലനാടകത്തിൽ ഉണ്ടായ വികാസപരിണാമങ്ങൾ സമകാല ബാലനാടകകൃതികളോടൊപ്പം ഗവേഷണവിധേയമാക്കുന്നു. മുതിർന്നവരുടെ തെറ്റിനെ സ്നേഹം കൊണ്ടു തിരുത്തുന്ന 'കുഞ്ഞിക്കാലുകൾ'[19] (പി. നരേന്ദ്രനാഥ്), 'അ അധികം ആ'[20] (എബ്രഹാം ജോസഫ്), 'സത്യമേവ ജയതെ'[21] (ഗോപാലൻ ചേറ്റുപുഴ), 'സന്ദർശനം'[22] (കെ. പി. ബാബുദാസ്), 'ഉണ്ടനും ഉണ്ടിയും'[23] (പി നരേന്ദ്രനാഥ്), 'വൽമീകം'[24] (കെ. തായാട്ട്), 'പാൽപ്പായസം'[25] (ജയപ്രകാശ് കുളൂർ), 'പത്തുമുതൽ നാലു വരെ'[26] (വി. ആനന്ദക്കുട്ടൻ നായർ), 'അപ്രിയസത്യം'[27] (പി. ആർ. ചന്ദ്രൻ), 'പൂതവും കുട്ടികളും'[28] (കെ. പി. എസ്. പയ്യനെടം), 'ചന്തുവിൻെറ വിശേഷങ്ങൾ'[29] (എം. കെ. മനോഹരൻ) തുടങ്ങിയ ലക്ഷണമൊത്ത അനേകം ബാലനാടകകൃതികൾ ഗവേഷണവിധേയമാക്കിയിട്ടുണ്ട്.

അഞ്ചാമദ്ധ്യായം ഈ പ്രബന്ധത്തിൻെറ കണ്ടെത്തലുകളും നിഗമനങ്ങളുമാണ്. 'കുട്ടികളുടെ നാടകവേദി മലയാളത്തിൽ: സമകാലിക ദർശനം' എന്ന വിഷയത്തിൻെറ സത്ത കണ്ടെത്തുകയാണിവിടെ. ആ കണ്ടെത്തലിൽ ബാലനാടകങ്ങളുടെ പൊതുസ്വഭാവം, ബാലനാടക പ്രസ്ഥാനത്തിൻെറ പ്രാരംഭഘട്ടം എന്നിവ ഉൾപ്പെട്ടിരിക്കുന്നു. തുടർന്ന് ജി. ശങ്കരപ്പിള്ളയിലൂടെയും രംഗപ്രഭാതിലൂടെയും അതിനുണ്ടായ വളർച്ച, സമകാലബാലനാടകങ്ങൾ തുടങ്ങിയ ചരിത്രപരമായ അന്വേഷണങ്ങൾക്ക് മലയാളനാടകപ്രസ്ഥാനചരിത്രത്തിൽ വലിയ ഇടമുണ്ടെന്ന് വ്യക്തമാക്കുന്നു.

## <u>അടിക്കുറിപ്പുകൾ</u>

1. ഗ്രാമപ്രകാശ്. എൻ. ആർ.
   കുട്ടികളുടെ നാടകവേദി. *പ്രത്യയശാസ്ത്രവും നാടകവും.*
   (ചെറുതുരുത്തി: നവീനദൃശ്യകല. 1997) പു. 44–49.
2. ശങ്കരപ്പിള്ള. ജി.
   ഇളങ്കോലങ്ങൾ. *നാടകദർശനം.*
   (കോട്ടയം: ഡി. സി. 1990) പു. 328–331
3. കൃഷ്ണപിള്ള എൻ.
   ജി. ശങ്കരപ്പിള്ളയുടെ ബാലനാടകങ്ങളിലെ നാടക ഘടന.
   *എൻ. കൃഷ്ണപിള്ളയുടെ നാടകചിന്തകൾ.*
   (കോഴിക്കോട്: മാതൃഭൂമി. 1990) പു. 122–127
4. രാഹുലൻ. കെ. കെ. ഡോ.
   *ബാലനാടകവേദി.* (കോട്ടയം: എൻ. ബി. എസ്. 1983)

5. വാസുദേവൻപിള്ള, വയലാ. ഡോ.

ബാലനാടകവേദി. *മലയാളനാടകസാഹിത്യചരിത്രം 2005.*

(തൃശൂർ: കേ. സാ. അ. 2006) പു. 74–181

6. രാമാനുജം. എസ്. പ്രൊഫ.

അവതാരിക. *പൊക്കാരം.* കെ. വി. ഗണേഷ്.

(തൃശൂർ: ജി. ശങ്കരപ്പിള്ള സ്മാരക നാടക പഠന കേന്ദ്രം. 1996)

7. ഭാസി, മടവൂർ.

ബാലഗോപാലൻ. *മലയാളനാടകസർവ്വസ്വം.*

(തിരുവനന്തപുരം: ചൈതന്യ പബ്ളിക്കേഷൻസ്. 1990)

8. Chorpenning, Charlotte.

*Twenty-one Years with Children's Theatre.*

(Anchorage, Kentucky: Anchorage Press. 1955)

9. Mc Caslin, Nellie.

*Theatre for Children in the United States: A History.*

(Norman : University of Oklahoma Press. 1971)

10. Goldberg, Moses.

*Children's Theatre: A Philosophy and a Method.*

(New Jersey: Prentice - Hall, Englewood Cliffs. 1985). P. No: 46-73

11. ഭാസി, മടവൂർ.

ബാലഗോപാലൻ. *മലയാളനാടകസർവ്വസ്വം.*

(തിരുവനന്തപുരം: ചൈതന്യ പബ്ളിക്കേഷൻസ്. 1990)

പു. 341–343

12. രാഹുലൻ. കെ. കെ. ഡോ.

*ബാലനാടകവേദി.* (കോട്ടയം: എൻ. ബി. എസ്. 1983)

13. നമ്പൂതിരി. എ. പി. പി.

*എ. പി. പി. യുടെ ബാലനാടകങ്ങൾ.*

(കോഴിക്കോട്: പൂർണ്ണ. 1987)

14. ഗോപാലൻനായർ. പി.

*ഗാനനാടകങ്ങൾ.* (കോഴിക്കോട്: പി. കെ. ബ്രദേഴ്സ്.1956)

15. കൃഷ്ണപിള്ള. എൻ.

*ചെങ്കോലും മരവുരിയും.* (കോട്ടയം: എൻ. ബി. എസ്. 1956)

16. നമ്പൂതിരി. എ. പി. പി.

*ലഘുനാടകങ്ങൾ*

(തിരുവനന്തപുരം: ബാലൻ പ്രസിദ്ധീകരണങ്ങൾ. 1957)

17. ചെറുകാട്.

*ചുറ്റുവിളക്ക്* (തൃശൂർ: കറൻറ്. 1960)

18. ശങ്കരപ്പിള്ള. ജി.

*പ്ലാവിലത്തൊപ്പികൾ.* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. 1991)

19. നരേന്ദ്രനാഥ്. പി.

*കുഞ്ഞിക്കാലുകൾ.* (തൃശൂർ: കറൻറ്. 1973)

20. ജോസഫ് ഏബ്രഹാം.

*അ അധികം ആ.* (കോട്ടയം: എൻ. ബി. എസ്. 1979)

21. ഗോപാലൻ ചേറ്റുപുഴ.

*സത്യമേവ ജയതേ.* (തൃശൂർ: പ്രീതി ബുക്സ്. 1979)

22. ബാബുദാസ്. കെ. പി.

*സന്ദർശനം.* (കോട്ടയം: എൻ. ബി. എസ്. 1981)

23. നരേന്ദ്രനാഥ്. പി.

*ഉണ്ടനും ഉണ്ടിയും.* (കോട്ടയം: ഡി. സി. 1985)

24. തായാട്ട്. കെ.

വൽമീകം. *നാറാണത്തുഭ്രാന്തനും വൽമീകവും.*

(കോട്ടയം: എൻ. ബി. എസ്. 1989)

25. ജയപ്രകാശ് കുളൂർ.

*പാൽപ്പായസം.* (കോഴിക്കോട്: ഗുരു പബ്ലിക്കേഷൻസ്. 1993)

26. ആനന്ദക്കുട്ടൻ നായർ. വി. പ്രാഫ.

*പത്തുമുതൽ നാലുവരെ.* (തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. 1993)

27. ചന്ദ്രൻ. പി. ആർ.

*അപ്രിയസത്യം.* ((തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. 1995)

28. കെ.പി. എസ്. പയ്യനെടം.

*പൂതവും കുട്ടികളും.* (കോഴിക്കോട്: പൂർണ്ണ 1996)

29. മനോഹരൻ. എം. കെ.

*ചന്തുവിന്റെ വിശേഷങ്ങൾ.* (കോട്ടയം: എൻ. ബി. എസ്.1997)